കാണാതെ പോയാൽ ആ വീട്ടുകാർക്ക് അതിലെന്ത് ഉത്തരവാദിത്വം ഉണ്ടെന്നുകൂടി പരിശോധിക്കണ്ടേ? ഈ പെൺകുട്ടിയുടെ തിരോധാനം കേരളത്തിന്റെ മുമ്പിൽ വലിയ വേദനയായി നിൽക്കുകയാണ്. ഗവൺമെന്റ് അടിയന്തരമായി പ്രശ്നത്തിന് പരിഹാരമുണ്ടാക്കി പെൺകുട്ടി എവിടെയെന്ന് കണ്ടെത്താനുള്ള നടപടി സ്വീകരിക്കണമെന്ന് താഴ്മയായി അഭ്യർത്ഥിക്കുകയാണ്.

11.00 AM.]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പ്രകടിപ്പിച്ച ഉത്കണ്ഠയോടൊപ്പം സംസ്ഥാന സർക്കാരും ചേരുകയാണ്. ഇക്കാര്യത്തിൽ തിരുവനന്തപുരം റേഞ്ച് ഐ.ജി.-യുടെ മേൽനോട്ടത്തിൽ സൈബർ വിദഗ്ധൻമാരും വനിതാ പോലീസ് ഇൻസ്പെക്ടർമാരും അടങ്ങുന്ന 15 അംഗ സ്പെഷ്യൽ പോലീസ് ടീം അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നുണ്ട്. അന്വേഷണ ഘട്ടത്തിൽ ബഹുമാന്യനായ അംഗം മുന്നോട്ടുവച്ച നിർദ്ദേശവും അവർ പരിഗണിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.[1]

### (3) ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനുമുള്ള തടസ്സം നീക്കൽ

ശ്രീ. ജോർജ് എം. തോമസ്: സർ, കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ നാല് വാർഡുകളിലായി 9 സർവ്വേ നമ്പരുകളിൽ രണ്ടായിരത്തിലധികം വരുന്ന ചെറുകിട കർഷകരുടെ കൈവശഭൂമിക്ക് പട്ടയമോ ആധാരമോ കൊടുക്കുന്നത് കോഴിക്കോട് സബ്കോടതി O.S. 346/1989-ാം നമ്പർ കേസ് പ്രകാരം തടഞ്ഞിരിക്കുകയാണ്. ശ്രീ. മുഹമ്മദ് അഷ്റഫ്, സ്റ്റേറ്റ് ജനറൽ സെക്രട്ടറി, ജനമിത്ര കുടുംബക്ഷേമ നീതിവേദി എന്നൊരാൾ കൊടുത്ത വ്യാജ പരാതിയുടെ അടിസ്ഥാനത്തിലാണ് കോടതി ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മാസം 13-ാം തീയതി മുതൽ അവിടെ നികുതി സ്വീകരിക്കുന്നതിനും മറ്റ് കാര്യങ്ങൾ ചെയ്യുന്നതിനും ജനങ്ങളെ തടസ്സപ്പെടുത്തിക്കൊണ്ട് വിധി വന്നിരിക്കുകയാണ്. ഇത് ഏകപക്ഷീയമായിട്ടുള്ള വിധിയാണ്. അതിനെതിരെ അപ്പീൽ കൊടുത്ത് ഈ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കണം. നേരത്തെ തന്നെ അവിടെ സർവ്വേ 1/1, 100/1 തുടങ്ങിയ പ്രദേശങ്ങളിലെ പട്ടയത്തിന്റെ പ്രശ്നം വളരെ രൂക്ഷമായി നിൽക്കുകയാണ്. അതിന് പുറമെയാണ് ഇപ്പോൾ രണ്ടായിരത്തിലേറെ ആളുകളെ ബാധിക്കുന്ന ഈ പ്രശ്നംകൂടി വന്നുചേർന്നിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിച്ച്, മേൽ കോടതികളിൽ അപ്പീൽ സമർപ്പിച്ച് കൈവശക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കുവാനുള്ളത്.

---

1 അനുബന്ധമായി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കോഴിക്കോട് സബ്കോടതിയുടെ O.S. 346/89, I.A.748/18 നമ്പർ ഇൻജംഗ്ഷൻ ഓർഡർ പുതുപ്പാടി വില്ലേജ് ഓഫീസർക്ക് ആമീൻ മുഖാന്തരം ലഭിച്ചിരുന്നു. ആയതുപ്രകാരം ജില്ലാ നിയമ ഓഫീസറിൽനിന്നും നിയമോപദേശം ആരാഞ്ഞതിൽ നികുതി സ്വീകരിക്കുന്നതിനും കൈവശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും തടസ്സമില്ല എന്ന ഉപദേശം ലഭിച്ചതിന്റെയും കൂടാതെ പുതുപ്പാടി ഈങ്ങാപ്പുഴ ഭൂമി കൈവശക്കാരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ടും കൈവശ സർട്ടിഫിക്കറ്റ് നൽകാനും നികുതി സ്വീകരിക്കാനും 28-04-2018-ന് താമരശ്ശേരി തഹസിൽദാർ പുതുപ്പാടി വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപറഞ്ഞ കേസിൽ റവന്യൂ വകുപ്പ് കക്ഷിയല്ല എന്ന വിവരവും ബോധിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (4) സിനിമാ തിയേറ്ററുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച്

ശ്രീ. എം. രാജഗോപാലൻ: സർ, ആദ്യകാലങ്ങളിൽ സിനിമയുമായി എത്തിയവരെ ജനം ഭ്രാന്തൻമാരെന്നും മന്ത്രവാദികളെന്നും പറഞ്ഞ് ഓടിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വെള്ളിത്തിരയിലെ ചലിക്കുന്ന രൂപങ്ങൾ ഭൂതങ്ങളാണെന്നുവരെ അന്ന് പലരും കരുതി. പിന്നീട് സിനിമ ഏറെ വളർന്ന് ജനകീയമായി. ഇന്ന് നമ്മെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന ഒന്നായി സിനിമ മാറിയിരിക്കുകയാണ്. എന്നാൽ ഈ മേഖലയിൽ വിസ്മയകരമായ പുരോഗതി കൈവരിക്കുമ്പോഴും ഗ്രാമപ്രദേശങ്ങളിലെ തിയേറ്ററുകൾ അനുദിനം അടച്ചുപൂട്ടേണ്ടി വരികയാണ്. കേരളത്തിൽ ഇന്ന് ശരാശരി 120-ഓളം തിയേറ്ററുകൾ 'ബി' ക്ലാസ് തിയേറ്ററുകളാണെന്നാണ് മനസ്സിലാക്കുന്നത്. ഇവ ഇന്ന് വലിയ പ്രതിസന്ധികൾ നേരിടുകയാണ്. തിയേറ്ററുകളുടെ കുത്തകവൽക്കരണം, സാറ്റലൈറ്റ് റിലീസ്, വ്യാജ സി.ഡി., ഇന്റർനെറ്റ് എന്നിവയെല്ലാം 'ബി' ക്ലാസ് തിയേറ്ററുകളുടെ പ്രതിസന്ധികളെ മൂർച്ഛിപ്പിക്കുന്നതാണ്. പൊതുവെ ഈ രംഗത്ത് ഇതിന്റെ പുരോഗതി കൈവരിക്കാനുള്ള ഇടപെടലുകൾ വളരെ ശ്രദ്ധേയമാണ്. ഗ്രാമങ്ങളിലെ ജനങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ ആസ്വദിക്കാൻ കഴിയുന്ന വിനോദമാണ് സിനിമ. അതുകൊണ്ടുതന്നെ ഗ്രാമപ്രദേശങ്ങളിലെ തിയേറ്ററുകൾ നിലനിൽക്കേണ്ടത് ആവശ്യമാണ്. 'എ' ക്ലാസ് തിയേറ്ററുകളിൽ റിലീസ് ചെയ്യുന്ന സിനിമകൾ ശരാശരി 50 ദിവസമെങ്കിലും കഴിഞ്ഞാലേ 'ബി' ക്ലാസ് തിയേറ്ററുകൾക്ക് ഇന്ന് കൈമാറുന്നുള്ളൂ. സാമ്പത്തിക നേട്ടം കൈവരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly